# പഴയനിയമ വിശ്വാസം

**ശബ്ബത്ത് സായാഹ്നം**

**ഈ ആഴ്ചയിലെ പഠനത്തിനായി വായിക്കുക:**

**ഗലാ. 3:1–14; റോമ. 1:2, 4:3, ഉല്പ. 15:6; 12:1–3; ലേവ്യ 17:11; 2 കൊരി. 5:21.**

**മനപാഠവാക്യം : "മരത്തിന്മേൽ തൂങ്ങുന്നവൻ എല്ലാം ശപിക്കപ്പെട്ടവൻ എന്ന് എഴുതിയിരിക്കുന്നതുപോലെ ക്രിസ്തു നമുക്കുവേണ്ടി ശാപമായിത്തീർന്നു. ന്യായപ്രമാണത്തിന്റെ ശാപത്തിൽനിന്നു നമ്മെ വിലയ്ക്കു വാങ്ങി"(ഗലാ.3:13).**

ഒരു ചെറിയ ആൺകുട്ടി ഒരു ചെറിയ വള്ളമുണ്ടാക്കി, അതിന് ചായം പൂശി വേണ്ടതെല്ലാം ചെയ്തു. ഒരു ദിവസം ആരോ അവന്റെ വള്ളം മോഷ്ടിച്ചു, അവൻ വിഷമത്തിലായി. ഒരു ദിവസം ഒരു പണയക്കടയുടെ മുമ്പിലൂടെ പോയപ്പോൾ അവൻ അവന്റെ വള്ളം കണ്ടു. സന്തോഷത്തോടെ അവൻ പണയക്കാരന്റെ അടുക്കലെത്തി പറഞ്ഞു, "ഇതെന്റെ ചെറിയ വള്ളമാണ്" "അല്ല", പണയക്കാരൻ പറഞ്ഞു. "ഇതെന്റേതാണ് കാരണം ഞാൻ ഇതു വാങ്ങി". "അതേ" കുട്ടി പറഞ്ഞു, "എന്നാൽ ഞാനാണ് അതുണ്ടാക്കിയത്". "ശരി", പണയക്കാരൻ പറഞ്ഞു. "നീ എനിക്ക് 2 രൂപ തരുകയാണെങ്കിൽ നിനക്ക് അതെടുക്കാം" ഒരു ചില്ലിക്കാശുപോലും കയ്യിലില്ലാത്ത ആ കുട്ടിക്ക് അതൊരു വലിയ തുകയായിരുന്നു. ഏതായാലും അത് കരസ്ഥമാക്കാൻ അവൻ തീരുമാനിച്ചു; അതി നാൽ അവൻ പുല്ല് വെട്ടിയും ആളുകൾക്ക് കൊച്ച് കൊച്ച് സഹായങ്ങൾ ചെയ്തും താമസിയാതെ അവന്റെ കയ്യിൽ മതിയായ പണമുണ്ടായി. "അവൻ കടയിലേക്ക് ഓടിച്ചെന്ന് പറഞ്ഞു, "എനിക്കെന്റെ വള്ളം വേണം." അവൻ പണം കൊടുത്ത് അവന്റെ വള്ളം വാങ്ങി. അവൻ ആ വള്ളം കൈകളിലെടുത്ത്, അതിനെ ആലിംഗനം ചെയ്ത് ചുംബിച്ചു. എന്നിട്ട് പറഞ്ഞു, "എന്റെ പ്രിയ കൊച്ചു വള്ളമേ, ഞാൻ നിന്നെ സ്നേഹിക്കുന്നു. നീ എന്റേതാണ്. നീ രണ്ട് പ്രാവശ്യം എന്റേതായി. ഞാൻ നിന്നെ ഉണ്ടാക്കി, ഇപ്പോൾ ഞാൻ നിന്നെ വാങ്ങിയിരിക്കുന്നു".

ഇങ്ങനെയാണ് നമ്മുടെ കാര്യത്തിലും. നാം ഒരർത്ഥത്തിൽ രണ്ട് പ്രാവശ്യം ദൈവത്തിന്റേതാണ്. അവൻ നമ്മെ സൃഷ്ടിച്ചു, പിന്നീട് നാം ചെകുത്താന്റെ പണയപ്പുരയിലെത്തി. അപ്പോൾ യേശു വന്നു വലിയ വില കൊടുത്ത് നമ്മെ വാങ്ങി വെള്ളിയും, പൊന്നുമല്ല ! അവന്റെ വലിയേറിയ രക്തം ! നാം വീണ്ടെടുപ്പിനാലും സൃഷ്ടിയാലും ദൈവത്തിന്റേതാണ്". –William Moses Tid Well, pointed illusrations (Kansas City, Mo: Beacon Hill Press, 1951) p.97

ജൂലൈ 29 –ലെ ശബ്ബത്തിനായി ഒരുങ്ങാൻ ഈയാഴ്ചയിലെ പാഠം പഠിക്കുക.

**ബുദ്ധിയില്ലാത്ത ഗലാത്യർ**

ഗലാ. 3:1–5 വായിക്കുക. പൗലൊസ് അവരോട് പറയുന്നതിന്റെ രത്നച്ചുരുക്കമെന്താണ്? ഏത് അർത്ഥത്തിലാണ് നാം അതേ ആത്മീയ കെണിയിൽ വീഴുന്നതിനുള്ള അപകടമുള്ളത്, ശരിയായി ആരംഭിക്കുകയും പിന്നീട് നിയമ സിദ്ധാന്തത്തിലേക്ക് പതിക്കുകയും?

"ബുദ്ധിയില്ലാത്ത ഗലാത്യരേ" എന്ന ഒന്നാം വാക്യത്തിലെ പൗലൊസിന്റെ വാക്കുകളുടെ അർത്ഥം പൂർണ്ണമായി ഉൾക്കൊള്ളാൻ നിരവധി ആധുനിക തർജ്ജമകൾ ശ്രമിച്ചിട്ടുണ്ട്. ഗ്രീക്ക് ഭാഷയിൽ പൗലൊസ് ഉപയോഗിക്കുന്ന യഥാർത്ഥവാക്ക് ശക്തമായതാണ് ആ വാക്ക് anoetoi (അനേയിട്ടോയി) എന്നാണ്, അത് മനസ്സിന് (nous) ഉപയോഗിക്കുന്ന വാക്കിൽ നിന്നും വരുന്നതാണ്. അക്ഷരാർത്ഥത്തിൽ അതിനർത്ഥം "മനസ്സിലാത്തവൻ" എന്നാൽ ഗലാത്യർ അത് ചിന്തിച്ചില്ല, പൗലൊസ് അവിടെ നിർത്തുന്നില്ല; അവൻ പറയുന്നത്, അവർ അത്ര ബുദ്ധിയില്ലാതെ പ്രവൃത്തിക്കുന്നതുകൊണ്ട് ഏതെങ്കിലും മന്ത്രവാദി അവരുടെമേൽ മന്ത്രം ചെയ്തിട്ടുണ്ടോ എന്നാണ്. നിങ്ങളെ ക്ഷുദ്രം ചെയ്ത് മയക്കിയതാർ? ഇവിടെയുള്ള അവന്റെ വാക്കുകളുടെ തിരഞ്ഞെടുപ്പ് സൂചിപ്പിക്കുന്നത് അവരുടെ അവസ്ഥയുടെ പിന്നിലുള്ള ആത്യന്തിക ഉറവിടം പിശാചാണെന്നാണ്. (2 കൊരി. 4:4) ഗലാത്യരുടെ സുവിശേഷത്തെക്കുറിച്ചുള്ള മതവിശ്വാസത്യാഗം പൗലൊസിനെ കൂടുതൽ ചിന്താക്കുഴപ്പത്തിലാക്കുന്നതിനുള്ള കാരണം സുവിശേഷം അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത് ക്രിസ്തുവിന്റെ ക്രൂശിലാണെന്ന് അവർക്കറിയാവുന്നതാണ്. അത് അവർ അറിയാതിരിക്കേണ്ട ഒരു കാര്യമില്ല. "ചിത്രീകരിച്ചിരിക്കുന്നു" അല്ലെങ്കിൽ "മുമ്പോട്ട് വച്ചിരിക്കുന്നു" എന്നത് തർജ്ജമ ചെയ്തിരിക്കുന്നത് അക്ഷരാർത്ഥത്തിൽ "പരസ്യപത്രം" അല്ലെങ്കിൽ "വരച്ചു കാട്ടിയിരിക്കുന്നു" എന്നാണ്. അത് എല്ലാ പരസ്യ പ്രഖ്യാപനങ്ങളും വർണ്ണിക്കുന്നതിന് ഉപയോഗിച്ചിരിക്കുന്നു. ക്രൂശ് എന്നത് തന്റെ പ്രസംഗത്തിന്റെകേന്ദ്രഭാഗമായിരുന്നതുകൊണ്ട്, തത്വത്തിൽ അവരുടെ മനക്കണ്ണുകളിൽ യേശു ക്രൂശിക്കപ്പെട്ടതായി അവർ കണ്ടുവെന്നാണ് പൗലൊസ് പറയുന്നത്, (1 കൊരി. 1:23; 2:2) ഒരർത്ഥത്തിൽ അവൻ പറയുന്നത് അവരുടെ പ്രവൃത്തികൾ മൂലം അവർ ക്രൂശിന് പുറംതിരഞ്ഞു നില്ക്കുകയാണെന്നാണ്. പിന്നീട് പൗലൊസ് ഗലാത്യർ വന്നപ്പോഴുള്ള അവസ്ഥയും അവരുടെ ഇപ്പോഴത്തെ അവസ്ഥയും തമ്മിലുള്ള വൈരുദ്ധ്യം എടുത്തു കാണിക്കുന്നു. അവൻ ഇത് ചെയ്യുന്നത് ഉത്തരമാവശ്യ മില്ലാത്ത ചില ചോദ്യങ്ങൾ ചോദിച്ചു കൊണ്ടാണ്. അവർക്ക് എങ്ങനെയാണ് ആത്മാവ് ലഭിച്ചത്. ഇതിനർത്ഥം അവർ ആദ്യം ക്രിസ്ത്യാനികളായതെങ്ങനെയെന്നാണ്? നേരിയ വ്യത്യാസത്തിലുള്ള കാഴ്ചപ്പാടിൽ, എന്തിനാണു ദൈവം ആത്മാവിനെ കൊടുത്തത്? അതിനുകാരണം അത് നേടിയെടുക്കാനുള്ളതെന്തെങ്കിലും അവർ ചെയ്തതുകൊണ്ടാണോ? നിശ്ചയമായും അല്ല! പകരം, അതിനുകാരണം ക്രിസ്തു അവർക്ക് നേരത്തെ തന്നെ അവർക്ക് ചെയ്ത സദ്വർത്തമാനം അവർ വിശ്വസിച്ചതുകൊണ്ടാണ്. വളരെ നന്നായി തുടങ്ങിയിട്ട്, ഇപ്പോൾ അവർ സ്വന്തം പെരുമാറ്റത്തിൽ ആശ്രയിക്കണമെന്നു ചിന്തിക്കുവാൻ എന്താണ് അവരെ ഇടയാക്കിയത്?

**ഞാൻ നന്നായി കാര്യങ്ങൾ ചെയ്യുന്നുവെന്ന് എപ്പോഴൊക്കെയാണ് നിങ്ങൾ ചിന്തിച്ചിട്ടുള്ളത്, എപ്പോഴെങ്കിലും അങ്ങനെ ചെയ്തിട്ടുണ്ടെങ്കിൽ, ഞാൻ നല്ല ശക്തനായ ഒരു ക്രിസ്ത്യാനിയാണ്, ഞാൻ ഇതും അതുമൊന്നും ചെയ്യാറില്ല... പിന്നീട് എപ്പോഴെങ്കിലും, വിരളമായെങ്കിലും, നിങ്ങൾ രക്ഷപ്പെടാൻ തക്കവണ്ണം നന്മയുള്ളവരാണെന്ന് ചിന്തിച്ചിട്ടുണ്ടോ? ആ വിധമുള്ള ചിന്തയുടെ തെറ്റ് എന്താണ്?**

**തിങ്കൾ** **ജൂലൈ 24**

**തിരുവെഴുത്തിൽ അധിഷ്ഠിതമായി**

ഇതുവരെയും, ഗലാത്യർക്കുള്ള അവന്റെ ലേഖനത്തിൽ, വിശ്വാസത്താലുള്ള നീതീകരണത്തിന്റെ സുവിശേഷത്തെ യെരൂശലേമിലുള്ള അപ്പൊസ്തലരുമായി ഉണ്ടാക്കിയ കരാറിലും(ഗലാ. 2:1 –10) ഗലാത്യർക്ക് തന്നെയുള്ള അവരുടെ വ്യക്തി പരമായ അനുഭവത്തോട് ആഹ്വാനം ചെയ്തുകൊണ്ട് പൗലൊസ് പ്രതിരോധിച്ചി ട്ടുണ്ട് (ഗലാ. 3:1–5). ഗലാ. 3:6–ൽ ആരംഭിച്ചുകൊണ്ട് അവന്റെ സുവിശേഷത്തിന്റെ അന്തിമ ഉറപ്പിക്കലിനായി പൗലൊസ് തിരുവെഴുത്തിന്റെ സാക്ഷ്യത്തിലേക്കുതിരി യുന്നു. വാസ്തവത്തിൽ, ഗലാ. 3:6, 4:31 വരെയും ഉണ്ടാക്കപ്പെട്ടിരിക്കുന്നത് തിരുവെഴു ത്തിൽ വേരൂന്നിയ പുരോഗമനപരമായ വാദഗതികളിലാണ്.

**ഗലാ. 3:6–8 ൽ "തിരുവെഴുത്തിനെ" സംബന്ധിച്ച് അവൻ എഴുതുമ്പോൾ എന്താണ് പൗലൊസ് അർത്ഥമാക്കുന്നത്? റോമ. 1:2; 4:3; 9:17 കണക്കിലെടുക്കുക.**

പൗലൊസ് ഗലാത്യർക്കുള്ള ലേഖനമെഴുതുമ്പോൾ "പുതിയനിയമം" ഇല്ലായി രുന്നു എന്ന കാര്യം ഓർക്കേണ്ടതാണ് പൗലൊസ് ആയിരുന്നു. ആദിമ പുതിയനിയമ എഴുത്തുകാരൻ നാലു സുവിശേഷങ്ങളിൽ ഒരുപക്ഷേ മർക്കൊസായിരിക്കും ഏറ്റവും ആദ്യം എഴുതപ്പെട്ടത്. എന്നാൽ അതും പൗലൊസിന്റെ മരണംവരെ എഴുതപ്പെട്ടിരു ന്നില്ല (A.D 65). അതായത്, ഗലാത്യർക്കുള്ള പൗലൊസിന്റെ ലേഖനത്തിന് 15 വർഷ ങ്ങൾക്കുശേഷവും. അതിനാൽ പൗലൊസ് തിരുവെഴുത്തിനെ പരാമർശിക്കുമ്പോൾ അവന്റെ മനസ്സിൽ പഴയനിയമം മാത്രമേയുള്ളൂ.

പൗലൊസിന്റെ ഉപദേശങ്ങളിൽ പഴയനിയമ തിരുവെഴുത്തുകൾ ഒരു സുപ്രധാന പങ്ക് വഹിക്കുന്നു. അവൻ അവയെ മരണപ്പെട്ട വാക്യങ്ങളായല്ല പിന്നെയോ ദൈവ ത്തിന്റെ ആധികാരികവും ജീവിക്കുന്നതുമായ വചനമായാണ്. (2 തിമൊ. 3:16) ൽ അവനെഴുതുന്നു.

"എല്ലാ തിരുവെഴുത്തുകളും ദൈവശ്വാസീയമാകുന്നു". "ദൈവശ്വാസീയം" എന്നു തർജ്ജമ ചെയ്യപ്പെട്ടിരിക്കുന്നവാക്ക് തിയോപ്ന്യുസ്റ്റസ് (Theopneustos) എന്നാണ്. തിയോ (Theo) എന്ന വാക്കിന്റെ അർത്ഥം ദൈവം എന്നാണ്, രണ്ടാം ഭാഗത്തിന്റെ അർത്ഥമാകട്ടെ "ശ്വസിച്ചു" എന്നാണ്. തിരുവെഴുത്തുകൾ "ദൈവ ശ്വാസീയമാണ്". യേശുവാണ് വാഗ്ദത്ത മിശിഹാ എന്ന് കാണിക്കുവാൻ പൗലൊസ് തിരുവെഴുത്ത് ഉപയോഗിക്കുന്നു (റോമ. 1:2). ക്രിസ്തീയ ജീവിതത്തിന് നിർദ്ദേശങ്ങൾ നല്കുന്നതിനും (റോമ. 13:8–10), അവന്റെ ഉപദേശങ്ങളുടെ സാധുതയെ കാണിക്കുന്ന തിനും (ഗലാ.3:8,9).

എത്രയധികം തവണ പൗലൊസ് പഴയനിയമം ഉദ്ധരിക്കുതെന്ന് കൃത്യമായി പറയുവാൻ ബുദ്ധിമുട്ടാണ്, എന്നാൽ അവന്റെ ഏറ്റവും ചെറിയ ലേഖനങ്ങളായ തീത്തൊാസും ഫിലേമോനും ഒഴികെ എല്ലാ ലേഖനങ്ങളിലും ഈ ഉദ്ധരണികൾ കാണാം.

**ഗലാ. 3:6–14 സൂക്ഷ്മതയോടെ വായിക്കുക. ഈ വാക്യങ്ങളിൽ പൗലൊസ് പഴയനിയമത്തിൽ നിന്നും ഉദ്ധരിക്കുന്ന പാഠഭാഗങ്ങൾ തിരിച്ചറിയുക. പഴയനിയമം എത്ര ആധികാരികമായിരുന്നു എന്നതിനെക്കുറി ച്ച് അത് നമ്മോട് എന്തു പറയുന്നു?**

വേദപുസ്തകത്തിന്റെ ചില ഭാഗങ്ങൾ മറ്റു ഭാഗങ്ങളെക്കാൾ "ദൈവശ്വാസീയ മാണ്" എന്ന് ചിലപ്പോഴെങ്കിലും നിങ്ങൾ ചിന്തിച്ചു പോയിട്ടുണ്ടോ? 2 തിമൊഥെയോസ് 3:16 ലെ പൗലൊസിന്റെ പ്രസ്താവന കണക്കിലെടുക്കുമ്പോൾ ആ വഴി സഞ്ചരിക്കുന്നതിന്റെ അപകടമെന്താണ്?

**ചൊവ്വ** **ജൂലൈ 25**

**നീതിമാനായി കണക്കാക്കുന്നു.**

**അവന്റെ സുവിശേഷ സന്ദേശം സാധൂകരിക്കുന്നതിന് തിരുവെഴുത്തുകളിലേക്ക് നോക്കുമ്പോൾ എന്തുകൊണ്ടാണ് പൗലൊസ് ആദ്യം അബ്രഹാമിന്റെ കാര്യം പരിഗണിക്കുന്നതെന്നാണ് നിങ്ങൾ ചിന്തിക്കുന്നത്? (ഗലാ. 3:6).**

യെഹൂദാമതത്തിലെ ഒരു കേന്ദ്ര കഥാപാത്രമായിരുന്നു അബ്രഹാം. യെഹൂദാ ജാതിയുടെ പിതാവ് മാത്രമായിരുന്നില്ല. അവൻ, പിന്നെയോ പൗലൊസിന്റെ കാലത്തിലെ യെഹൂദന്മാരും ഒരു യഥാർത്ഥ യെഹൂദൻ എങ്ങനെയായിരിക്കണം എന്നതിന്റെ ഒരു ആദ്യമാതൃകയായി അബ്രഹാമിനെ കണ്ടിരുന്നു. അവന്റെ സവിശേഷമായ സ്വഭാവഗുണം അവന്റെ അനുസരണം ആയിരുന്നുവെന്നു മാത്രമല്ല ആ അനുസരണം കൊണ്ടാണ്. ദൈവം അവനെ നീതിമാനായി കണക്കാക്കിയതെ ന്നും അനേകർ വിശ്വസിച്ചിരുന്നു. എന്തൊക്കെയായാലും, അബ്രഹാം അവന്റെ പിതൃഭവനത്തെയും അവന്റെ ദേശത്തെയും ഉപേക്ഷിച്ചുവല്ലോ, അവൻ അഗ്രചർമ്മം സ്വീകരിച്ചു, ദൈവകല്പനയിൽ അവന്റെ മകനെപ്പോലും ബലി കഴിക്കാൻ അവൻ സന്നദ്ധനായി. അതാണ് അനുസരണം! അഗ്രചർമ്മത്തിനായുള്ള നിർബന്ധത്തിന് പൗലൊസിന്റെ എതിരാളികൾ ഈ പാതയെ കൂട്ടുപിടിച്ചാണ് വാദിച്ചത്.

എന്നിരുന്നാലും, പൗലൊസ്, കാര്യങ്ങൾ അവനനുകൂലമാക്കിയത് അബ്രഹാമിന്റെ കാര്യം പറഞ്ഞുതന്നെയാണ് (ഗലാത്യരിൽ 9 പ്രാവശ്യം) ന്യായപ്രമാണ പാലനത്തിന്റെ ഉദാഹരണത്താലല്ല പിന്നെയോ വിശ്വാസത്തിന്റെ !

ഉല്പ.15:6 നെക്കുറിച്ചുള്ള പൗലൊസിന്റെ ഉദ്ധരണി കണക്കിലെടുക്കുക. അവന് നീതിയായി കണക്കിട്ടു" എന്നു പറയുമ്പോൾ അത് എന്താണ് അർത്ഥമാക്കുന്നത്? (റോമ. 4:3–6; 8–11; 22–24; ഉം കാണുക).

നീതീകരണം എന്നത് നിയമലോകത്തിൽനിന്ന് എടുക്കപ്പെട്ട ഒരലങ്കാരമായപ്പോൾ, എണ്ണപ്പെട്ടു അല്ലെങ്കിൽ കണക്കിട്ടു എന്നത് വ്യവസായലോകത്തിൽനിന്ന് എടുക്കപ്പെട്ട ഒരലങ്കാരമാണ്. അതിനർത്ഥം "കൂട്ടിച്ചേർക്കുക"അല്ലെങ്കിൽ "എന്തെങ്കിലും ഒരുവന്റെ കണക്കിൽ ചേർക്കുക"എന്നുമാകാം. അബ്രഹാമിനെക്കുറിച്ച് അത് ഗലാ. 3:6 ൽ മാത്രമല്ല ഉപയോഗിച്ചിരിക്കുന്നത്, ആ ഗോത്രപിതാവുമായി ബന്ധപ്പെട്ട് അത് 11 പ്രാവശ്യം പ്രയോഗിച്ചിട്ടുണ്ട്. ചില വേദപുസ്തക ഭാഷ്യങ്ങളിൽ അതിനെ എണ്ണപ്പെടുക, കണക്കിലെടുക്കുക, അല്ലെങ്കിൽ ഫലമായി നല്കപ്പെടുക എന്നും തർജ്ജമ ചെയ്തിട്ടുണ്ട്.

പൗലൊസിന്റെ അലങ്കാര പ്രയോഗ പ്രകാരം നമ്മുടെ കണക്കിൽ ചേർത്തിയിരിക്കുന്നത് നീതിയാണ്. എന്നിരുന്നാലും, ചോദ്യമിതാണ്, ഏതു വിധേനെയാണു ദൈവം നമ്മെ നീതിമാന്മാരായി കണക്കാക്കുന്നത്? ഉറപ്പായും അത് അനുസരണത്തിന്റെ അടിസ്ഥാനത്തിലാകില്ല, പൗലൊസിന്റെ എതിരാളികൾ അത് അവകാശപ്പെട്ടുവെങ്കിൽക്കൂടി. അവർ അബ്രഹാമിന്റെ അനുസരണത്തെക്കുറിച്ച് എന്തുതന്നെ പറഞ്ഞാലും, തിരുവെഴുത്തു പറയുന്നത് അവന്റെ വിശ്വാസംമൂലമാണ് അവൻ നീതിമാനായി കണക്കാക്കപ്പെട്ടതെന്നാണ്.

വേദപുസ്തകം വ്യക്തമാണ്: അബ്രഹാമിന്റെ നീതീകരണത്തിന്റെ അടിസ്ഥാനം അവന്റെ അനുസരണമായിരുന്നില്ല; പകരം, അത് അതിന്റെ ഫലമായിരുന്നു. അവൻ ചെയ്ത കാര്യങ്ങൾ അവൻ നീതികരിക്കപ്പെടുന്നതിനായി ചെയ്തതല്ല; അവൻ അത് ചെയ്തത് അവൻ നേരത്തെത്തന്നെ നീതികരിക്കപ്പെട്ടതുകൊണ്ടാണ്. നീതീകരണമാണ് അനുസരണത്തിലേക്ക് നയിക്കുന്നത്, നേരെമറിച്ചല്ല.

**ഇതിനർത്ഥമെന്താണെന്ന് ചിന്തിക്കുക - നിങ്ങൾ ചെയ്യുന്ന എന്തിനാലെങ്കിലു മല്ല ക്രിസ്തു നിങ്ങൾക്കുവേണ്ടി ചെയ്തതുമൂലമാണ് നിങ്ങൾ നീതീകരിക്കപ്പെടുന്നത്. അത് എന്തുകൊണ്ടാണ് അത്ര നല്ല വാർത്തയാകുന്നത്? ആ സത്യം നിങ്ങളുടെ സ്വന്തമാക്കാൻ നിങ്ങൾക്ക് എങ്ങനെ പഠിക്കാൻ കഴിയും? അതായത്, അത് നിങ്ങൾക്ക് സാധകമാണെന്ന് വിശ്വസിക്കാൻ, വ്യക്തിപരമായി നിങ്ങളുടെ കഷ്ടപ്പാടുകൾ മുൻമ്പുള്ളതും ഇപ്പോഴത്തെയും എന്തുതന്നെയായാലും?**

**ബുധൻ** **ജൂലൈ 26**

**പഴയനിയമത്തിലെ സുവിശേഷം.**

"എന്നാൽ ദൈവം വിശ്വാസം മൂലം ജാതികളെ നീതീകരിക്കുന്നുവെന്നു തിരുവെഴുത്തു മുൻ കണ്ടിട്ട് നിന്നിൽ സകല ജാതികളും അനുഗ്രഹിക്കപ്പെടും എന്നുള്ള സുവിശേഷം അബ്രഹാമിനോട് മുൻകൂട്ടി അറിയിച്ചു" (ഗലാ. 3:8). സുവിശേഷം അബ്രഹാമിനോട് പ്രസംഗിച്ചുവെന്നു മാത്രമല്ല അത് പ്രസംഗിച്ചത് ദൈവമാണെന്നും പൗലൊസ് എഴുതുന്നു; അപ്പോൾ അത് നിശ്ചയമായ സത്യമായ സുവിശേഷമായിരുന്നിരിക്കണം. എന്നാൽ എപ്പോഴാണ് ദൈവം അബ്രഹാമിനോട്

സുവിശേഷം പ്രസംഗിച്ചത്? ഉല്പ. 12:3നെക്കുറിച്ചുള്ള പൗലൊസിന്റെ ഉദ്ധരണി സൂചിപ്പിക്കുന്നത് ഉല്പ. 12:1-3 ൽ ദൈവം അബ്രഹാമിനെ വിളിച്ചപ്പോൾ അവനുമായു ണ്ടാക്കിയ ഉടമ്പടിയാണ് അവന്റെ മനസ്സിലുള്ളതെന്നാണ്.

**ഉല്പ. 12:1-3 വായിക്കുക. ദൈവം അബ്രഹാമുമായി ഉണ്ടാക്കിയ ഉടമ്പടി യുടെ പ്രകൃതത്തെക്കുറിച്ച് ഇത് നമ്മോട് എന്തു പറയുന്നു?**

അബ്രഹാമുമായി ദൈവമുണ്ടാക്കിയ ഉടമ്പടിയുടെ അടിസ്ഥാനം അവനോടുള്ള ദൈവത്തിന്റെ വാഗ്ദത്തങ്ങളിൽ കേന്ദ്രീകരിച്ചതായിരുന്നു. ദൈവം നാല് പ്രാവശ്യം "ഞാൻ ചെയ്യും" എന്ന് അബ്രഹാമിനോടു പറയുന്നു. അബ്രഹാമിനോടുള്ള വാഗ്ദ ത്തങ്ങൾ അതിശയകരമാണ്. കാരണം അവ പൂർണ്ണമായും ഏകപക്ഷീയമാണ്. ദൈവമാണ് വാഗ്ദത്തങ്ങൾ മുഴുവൻ നല്കുന്നത്; അബ്രഹാം ഒന്നും വാഗ്ദത്തം ചെയ്യുന്നില്ല. ഇത് മിക്ക മനുഷ്യരെയും ദൈവത്തോട് ബന്ധപ്പെടുന്നതിനെതിരാണ്. നാം സാധാരണയായി അവൻ നമുക്കുവേണ്ടി എന്തെങ്കിലും ചെയ്താൽ അവനെ സേവിക്കാം എന്നാണ് വാഗ്ദത്തം ചെയ്യുന്നത്. എന്നാൽ അത് നിയമസിദ്ധാന്തമാണ് ദൈവം അബ്രഹാമിനോട് ഒന്നും വാഗ്ദത്തം ചെയ്യുവാൻ ആവശ്യപ്പെടുന്നില്ല പിന്നെയോ അവന്റെ വാഗ്ദത്തങ്ങൾ വിശ്വാസത്തോടെ സ്വീകരിക്കാൻ മാത്രമാണ്. നിശ്ചയമായും അത്ര എളുപ്പമുള്ള കാര്യമായിരുന്നില്ല, കാരണം അവനിലല്ല പൂർണ്ണ മായും ദൈവത്തിലാശ്രയിക്കാൻ അബ്രഹാം പഠിക്കണമായിരുന്നു (ഉല്പ. 22 കാണുക). ആയതിനാൽ, അബ്രഹാമിന്റെ വിളി വ്യക്തമാക്കുന്നത്, സുവിശേഷത്തിന്റെ സാരാംശം വിശ്വാസത്താലുള്ള രക്ഷയെന്നാണ്.

വേദപുസ്തകം രണ്ടു വിധത്തിലുള്ള രക്ഷയെക്കുറിച്ചു പഠിപ്പിക്കുന്നു എന്ന് ചിലർ തെറ്റായ നിഗമനത്തിലെത്തുന്നു. അവർ അവകാശപ്പെടുന്നത് പഴയനിയമ കാലത്തിൽ രക്ഷ അധിഷ്ഠിതമായിരുന്നത് കല്പനാചാരണത്തിലാണെന്നാണ്; പിന്നീട്, അത് അത്ര ശരിയാകാത്തതുകൊണ്ട്, ദൈവം ന്യായപ്രമാണം നീക്കിക്കളയു കയും രക്ഷ വിശ്വാസത്താൽ സാധ്യമാക്കുകയും ചെയ്തു എന്നാണ്. ഇത് സത്യത്തിൽ നിന്നും വളരെ അകലെയാണ്. ഗലാ. 1:7 ൽ പൗലൊസ് എഴുതിയതുപോലെ ഒരു സുവിശേഷമേയുള്ളൂ.

വിശ്വാസത്താൽ മാത്രം രക്ഷ എന്നതിനെക്കുറിച്ചു മറ്റ് എന്ത് ഉദാഹരണങ്ങ ളാണ് പഴയനിയമത്തിൽ കാണാൻ കഴിയുക?

**ഉദാഹരണത്തിന് ലേവ്യ 17:11; സങ്കീ. 32:1-5; 2 ശമു. 12: 1-13; സെഖ. 3:1-4 എന്നിവ കാണുക.**

**നാം പലപ്പോഴും "വില കുറഞ്ഞ കൃപ" എന്ന പദപ്രയോഗം കേട്ടിട്ടുണ്ട്. എന്നിരുന്നാലും അതൊരു ഉചിതമല്ലാത്ത പദമാണ്. കൃപ വിലകുറഞ്ഞതല്ല അത് സൗജന്യമാണ് (കുറഞ്ഞ പക്ഷം നമുക്കെങ്കിലും). എന്നാൽ അതിനെ പാപം ചെയ്യാനുള്ള ഒരു ഒഴികഴിവായി നാം ചിന്തിക്കുമ്പോഴും അല്ലെങ്കിൽ നമ്മുടെ പ്രവൃത്തികളാൽ നമുക്ക് അതിനോട് കൂട്ടിച്ചേർക്കാമെന്നു ചിന്തിക്കു മ്പോഴും നാം അതിനെ നശിപ്പിക്കുന്നു. നിങ്ങളുടെ സ്വന്തം അനുഭവത്തിൽ, ഈ രണ്ടു രീതികളിൽ ഏതിനോട് ചായുന്നതാണ് നിങ്ങൾക്കു താത്പര്യം, നിങ്ങൾക്ക് അത് എങ്ങനെ മതിയാക്കാം?**

**ഒരു ശാപത്തിൽനിന്നും വീണ്ടെടുക്കപ്പെട്ടു. (ഗലാ. 3:9–14)**

ഗലാ. 3:10ലുള്ള അവന്റെ ധൈര്യപൂർവമായ വാക്കുകൾ പൗലൊസിന്റെ എതിരാളികളെ സ്തബ്ധരാക്കി. അവർ നിശ്ചയമായും ഒരു ശാപത്തിൻ കീഴെയാണെന്ന് അവർ ചിന്തിച്ചില്ല; അഥവാ എന്തെങ്കിലുമുണ്ടെങ്കിൽ അത് അവരുടെ അനുസരണ ത്തിനുവേണ്ടി അവർ അനുഗ്രഹിക്കപ്പെടും എന്നായിരുന്നു.

എന്നിട്ടുകൂടി പൗലൊസ് വ്യക്തമായി പറയുന്നു. "എന്നാൽ ന്യായപ്രമാണ ത്തിന്റെ പ്രവൃത്തിയിൽ ആശ്രയിക്കുന്ന ഏവരെയും ശാപത്തിൻ കീഴാകുന്നു ന്യായ പ്രമാണ പുസ്തകത്തിൽ എഴുതിയിരിക്കുന്നതൊക്കെയും ചെയ്യുവാൻ തക്കവണ്ണം അതിൽ നിലനിൽക്കാത്തവൻ എല്ലാം ശപിക്കപ്പെട്ടവൻ എന്ന് എഴുതിയിരിക്കുന്നു വല്ലോ"

തികച്ചും വ്യത്യസ്തമായ രണ്ടു വ്യത്യാസങ്ങളുടെ വൈരുദ്ധ്യം പൗലൊസ് ചൂണ്ടിക്കാണിക്കുകയാണ്. പ്രവൃത്തിയാലുള്ള വിശ്വാസവും വിശ്വാസത്താലുള്ള വിശ്വാസവും.

ആവർത്തനം 27 ലും 28 ലും വരച്ചുകാണിച്ചിരിക്കുന്ന ഉടമ്പടി അനുഗ്രഹങ്ങളും ശാപങ്ങളും നേരെയുള്ളതാണ്. അനുസരിച്ചവർ അനുഗ്രഹിക്കപ്പെട്ടു, അനുസരിക്കാ ത്തവർ ശപിക്കപ്പെട്ടു. അതിനർത്ഥം ദൈവവുമായി സ്വീകാര്യതയുണ്ടാകുവാൻ ന്യായപ്രമാണത്തിന്റെ അനുസരണത്തിൽ ഒരുവൻ ആശ്രയിക്കണമെങ്കിൽ, ന്യായപ്രമാണം മുഴുവൻ പാലിക്കേണ്ടിവരും. നമുക്ക് ഇഷ്ടമുള്ളത് തിരഞ്ഞെടുത്ത് പാലിക്കുവാനുള്ള സ്വാതന്ത്ര്യം നമുക്കില്ല; ദൈവം ഇടയ്ക്കിടെ ചില ചെറിയ തെറ്റുകൾ കണക്കിലെടുക്കാതെ പോകും എന്നും നാം കരുതേണ്ടതില്ല. ഒന്നുകിൽ എല്ലാം അല്ലെങ്കിൽ ഒന്നുമില്ല.

ഇതു നിശ്ചയമായും, ജാതികൾക്കു മാത്രമല്ല പൗലൊസിന്റെ നിയമസിദ്ധാന്ത സുഹൃത്തുക്കൾക്കും അത്ര നല്ല വാർത്തയല്ല, കാരണം "നാമെല്ലാം പാപം ചെയ്ത് ഒരുപോലെ ദൈവതേജസ്സില്ലാത്തവരായിത്തീർന്നു" (റോമ.3:23). നാം എത്ര കഠിനമായി പ്രയത്നിച്ച് നല്ലതാകാൻ ശ്രമിച്ചാലും, ന്യായപ്രമാണം നമ്മെ കല്പനാലംഘകരായി കണക്കാക്കുകയേയുള്ളൂ.

**ന്യായപ്രമാണത്തിന്റെ ശാപത്തിൽനിന്ന് ക്രിസ്തു എങ്ങനെയാണു നമ്മെ വിടുവിച്ചത്? ഗലാ. 3:13; 2 കൊരി. 5:21; കാണുക.**

ക്രിസ്തുവിൽ ദൈവം നമുക്കുവേണ്ടി ചെയ്തതു വിശദീകരിക്കുവാൻ പൗലൊസ് വേറൊരു അലങ്കാരം പരിചയപ്പെടുത്തുന്നു. വീണ്ടെടുക്കുക എന്ന വാക്കിന്റെ അർത്ഥം "തിരികെ വാങ്ങുക" എന്നാണ്. അത് ജാമ്യത്തടവുകാരെ വിടുതൽ ചെയ്യുവാൻ നല്കുന്ന മോചന ദ്രവ്യമോ അല്ലെങ്കിൽ ഒരു അടിമയെ സ്വതന്ത്രനാക്കാൻ നല്കുന്ന വിലയോ ആയി ഉപയോഗിച്ചിരുന്നു. കാരണം പാപത്തിന്റെ ശമ്പളം മരണമത്രെ, ന്യായപ്രമാണം പാലിക്കുന്നതിൽ പരാജയപ്പെടുന്നതിന്റെ ശിക്ഷ മിക്കവാറും മരണമായിരുന്നു. നമ്മുടെ രക്ഷയ്ക്കായി നല്കപ്പെട്ട മോചന ദ്രവ്യം

അപ്രധാനമല്ലായിരുന്നു; അതിനു ദൈവം അവന്റെ സ്വന്തം പുത്രന്റെ ജീവൻ വിലയായി നല്കേണ്ടി വന്നു (യോഹ. 3:16). യേശു നമ്മെ പാപത്തിന്റെ ശാപത്തിൽനിന്നു മോചിപ്പിച്ചത് പാപ വാഹകനായാണ് (1 കൊരി. 6:20;7:23). അവൻ സ്വമേധയാ നമ്മുടെ ശാപം അവന്റെമേൽ വഹിക്കുകയും നമുക്കുവേണ്ടി പാപത്തിന്റെ ശിക്ഷ അനുഭവിക്കുകയും ചെയ്തു (2 കൊരി. 5:21).

തിരുവെഴുത്തിലെ തെളിവായി പൗലൊസ് ആവർത്തനം 21:23 എടുത്തു പറയുന്നു. യെഹൂദാസമ്പ്രദായപ്രകാരം മരണശേഷവും ഒരുവന്റെ ശരീരം മരത്തിൽ തൂങ്ങിയാൽ അവൻ ദൈവത്തിന്റെ ശാപത്തിൻകീഴിലാണ് ഈ ശാപത്തിന്റെ ഒരു ഉദാഹരണമായാണ് യേശുവിന്റെ ക്രൂശിലെ മരണം കാണപ്പെട്ടത്. (അപ്പൊ. പ്രവൃ. 5:30; 1 പത്രൊ. 2:24). മിശിഹ ദൈവത്താൽ കുറ്റം ആരോപിക്കപ്പെട്ടവനായി എന്ന് ഉൾക്കൊള്ളാൻ കഴിയാതിരുന്ന ചില യെഹൂദർക്ക് ക്രൂശ് ഒരു തടസ്സം ആയിരുന്നു എന്നതിൽ അതിശയമൊന്നുമില്ല. എന്നാൽ കൃത്യമായും ഇതായിരുന്നു ദൈവത്തിന്റെ പദ്ധതി അതേ, മിശിഹ ഒരു ശാപം വഹിച്ചു, എന്നാൽ അവന്റെ സ്വന്തമായിരുന്നില്ല അത് നമ്മുടേതായിരുന്നു!

**വെള്ളി** **ജൂലൈ 28**

**കൂടുതൽ ചിന്ത**

" നമ്മുടെ ഉറപ്പും പകരക്കാരനുമായിരുന്ന ക്രിസ്തുവിന്മേലാണ് നമ്മുടെയെല്ലാം അകൃത്യം ചുമക്കപ്പെട്ടത്. അവൻ നമ്മെ ന്യായപ്രമാണത്തിന്റെ ശിക്ഷയിൽനിന്നും വീണ്ടെടുക്കേണ്ടതിന് അവൻ ഒരു ലംഘനക്കാരനായി കണക്കാക്കപ്പെട്ടു. ആദാമിന്റെ പിൻഗാമികളായ ഓരോരുത്തരുടെയും കുറ്റം അവന്റെ ഹൃദയത്തെ ഞെരുക്കുകയായിരുന്നു. പാപത്തിനെതിരെയുള്ള ദൈവത്തിന്റെ ക്രോധം, അകൃത്യം മൂല മുണ്ടായ അവന്റെ ഭയാനകമായ അതൃപ്തി എന്നിവ അവന്റെ പുത്രന്റെ ആത്മാവിനെ മാനസിക സംഭ്രാന്തിയാൽ നിറച്ചു. അവന്റെ ജീവിതത്തിലുടനീളം വീഴ്ച ഭവിച്ച ഒരു ലോകത്തോട് അവന്റെ പിതാവിന്റെ കരുണയും ക്ഷമിക്കുന്ന സ്നേഹവും പ്രസ്താവിക്കുകയായിരുന്നു. പാപികളിൽ പ്രധാനിക്കുപോലും രക്ഷ എന്നതായിരുന്നു അവന്റെ കേന്ദ്ര ആശയം. എന്നാൽ ഇപ്പോൾ അവൻ വഹിക്കുന്ന കുറ്റങ്ങളുടെ ഭയാനകമായ ഭാരം കാരണം, പിതാവിന്റെ നിരപ്പാകലിന്റെ മുഖം അവന് കാണാൻ കഴിയുന്നില്ല. അതീവ മനോവേദനയുടെ ഈ സമയത്ത് ദിവ്യപ്രഭാവം അവനിൽനിന്നു പിൻ വലിഞ്ഞത് ഒരു മനുഷ്യനും മനസ്സിലാകാനാവാത്ത അവന്റെ ഹൃദയത്തെ കീറിമുറിച്ച ഒരു വേദനയാൽ നിറയപ്പെട്ടു. ഈ യാതന അത്ര അധികമായിരുന്നതു കൊണ്ട് അവന്റെ ശരീരവേദന അവൻ അറിഞ്ഞതേയില്ല."– EGW, The Desire of Ages, p.753.

"ലൂഥർ ഇപ്പോൾ ധൈര്യസമ്മേതം സത്യത്തിന്റെ ഒരു വീരനായി അവന്റെ വേലയിൽ പ്രവേശിച്ചു. അവന്റെ വാക്കുകൾ പ്രസംഗപീഠത്തിൽനിന്നും ആത്മാർത്ഥതയോടെ പാവനമായ താക്കീതോടെ ശ്രവിക്കപ്പെട്ടു. പാപത്തിന്റെ നിന്ദ്യമായ സ്വഭാവം അവൻ ജനങ്ങളുടെ മുമ്പിൽ വച്ചു, മനുഷ്യനു സ്വന്തമായി അവന്റെ പ്രവൃത്തികളിലൂടെ അതിൽനിന്ന് ഒഴിവാകാനോ അതിന്റെ ശിക്ഷ ലഘൂകരിക്കാനോ അസാധ്യമാണെന്ന് അവൻ പഠിപ്പിച്ചു. ദൈവത്തോടുള്ള അനുതാപവും ക്രിസ്തുവിലുള്ള

വിശ്വാസവും മാത്രമേ പാപിയെ രക്ഷിക്കൂ. ക്രിസ്തുവിന്റെ കൃപ വാങ്ങാനാകില്ല; അതൊരു ദാനമാണ്. പാപമോചന ചീട്ടുകൾ വാങ്ങരുതെന്ന് അവൻ ജനങ്ങളെ ഉപദേശിച്ചു, പിന്നെയോ ക്രൂശിക്കപ്പെട്ടവനായ ഒരു വീണ്ടെടുപ്പുകാരനിലേക്ക് വിശ്വാസത്താൽ നോക്കുവാൻ അവൻ അഹ്വാനം ചെയ്തു". -EGW, യുഗങ്ങളുടെ പ്രത്യാശ, പുറം 129.

**ചർച്ചാ ചോദ്യങ്ങൾ :-**

1. നമ്മുടെ പ്രവൃത്തികൾ കൂടാതെ ക്രിസ്തുവിലൂടെ ദൈവത്തിന്റെ കൃപയാണ്, വിശ്വാസത്താൽ മാത്രമാണ് രക്ഷ എന്നത് അംഗീകരിക്കുവാൻ ഇന്നും നമ്മുടെ സഭയിൽ ചിലർക്ക് ബുദ്ധിമുട്ടാണ്. ഈ സുപ്രധാന സത്യം സ്വീകരിക്കുന്നതിൽ ചിലർക്കുള്ള വൈമനസ്യത്തിന്റെ പിന്നിലെ കാരണമെന്താണ്?

2. പ്രവൃത്തിയാലുള്ള വിശ്വാസം എന്ന തിരുവെഴുത്തുകളിലെ തെറ്റിനെക്കുറിച്ച് പൗലൊസ് വളരെ ശക്തമായി സംസാരിച്ചു. നല്ല ദൈവശാസ്ത്രത്തിന്റെ ആവശ്യകതയെക്കുറിച്ച് അത് നമ്മോട് എന്തു പറയുന്നു? നമുക്കിടയിൽ തെറ്റ് പഠിപ്പിക്കുമ്പോൾ നാം എന്തുകൊണ്ടാണ് ഒരു സഭയെന്ന നിലയിൽ, ആവശ്യ മെങ്കിൽ ബലം പ്രയോഗിച്ച് അതിനെതിരെ നിലകൊള്ളേണ്ടത്?

**സംഗ്രഹം:** ക്രിസ്തീയ ജീവിതത്തിൽ തുടക്കം മുതൽ ഒടുക്കംവരെ, രക്ഷയുടെ അടിസ്ഥാനം ക്രിസ്തുവിലുള്ള വിശ്വാസം മാത്രമാണ്. ദൈവജന വാഗ്ദത്തങ്ങളിലുള്ള അബ്രഹാമിന്റെ വിശ്വാസത്താലാണ് അവൻ നീതിമാനായി കണക്കാക്കപ്പെട്ടത് നീതിയുടെ അതേ ദാനം അബ്രഹാമിന്റെ വിശ്വാസം പങ്കുവെക്കുന്ന ഏതൊരുവനും ലഭ്യമാണ്. നമ്മുടെ തെറ്റുകൾക്ക് നാം കുറ്റം വിധിക്കപ്പെടാത്തതിന്റെ ഒരേയൊരു കാരണം നമ്മുടെ സ്ഥാനത്ത് മരിച്ചുകൊണ്ട് യേശു നമ്മുടെ പാപങ്ങൾക്കുള്ള വില നല്കി എന്നതു മാത്രമാണ്.